പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 966 **14-10-2026-ൽ മറുപടിയ്ക്ക്**

ഗൃഹശ്രീ ഭവന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: 4389 വീടുകൾ

(ബി) ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ഓരോ സാമ്പത്തിക വർഷവും പദ്ധതിക്കായി വകയിരുത്തുന്ന തുകയ്ക്ക് ഭരണാനുമതി നല്കാറുണ്ടെങ്കിലും, തുക പൂർണ്ണമായും റിലീസ് ലഭിക്കാതെ വരുന്നതിനാൽ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സബ്സിഡി അനുവദിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്നു വരുന്ന സാമ്പത്തിക വർഷങ്ങളിൽ അനുവദിക്കുന്ന സബ്സിഡി തുക വിനിയോഗിച്ചാണ് കുടിശ്ശിക സബ്സിഡി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നത്. 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഗൃഹശ്രീ ഭവന പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയ 19 കോടി രൂപയിൽ നിന്നും മുൻ വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക സബ്സിഡി വിതരണം ചെയ്യുവാനായി 8.48 കോടി രൂപ വിനിയോഗിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ആയതു കഴിച്ചുള്ള തുകയ്ക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവ് നല്കിയിട്ടുള്ളത്.

(സി) ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം സ്പോൺസർ തുക അടച്ചതിനു ശേഷം അത് റദ്ദാക്കാൻ അപേക്ഷ നൽകിയ ഉപഭോക്താക്കൾക്ക് പണം തിരികെ നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഗുണഭോക്താവ് പദ്ധതിയിൽ നിന്നും പിന്മാറാൻ ബന്ധപ്പെട്ട ഡിവിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ഇതിൻപ്രകാരമുള്ള നടപടി ക്രമം ഹെഡ് ഓഫീസിലെ അക്കൗണ്ട്സ് വിഭാഗത്തിന് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് റീഫണ്ട് അനുവദിച്ചുവരുന്നു. ആയതിന് കാലതാമസം നേരിടാറില്ല.

(ഡി) ഗൃഹശ്രീ പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിന്നും ആകെ എത്ര ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഇതിൽ എത്രപേർക്കാണ് വീട് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സ്പോൺസർ തുക അടച്ചതിനു ശേഷം അപേക്ഷ റദ്ദാക്കുന്നതിനായി എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അപേക്ഷ റദ്ദാക്കിയവർക്ക് പണം തിരികെ നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് ഇടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ഗൃഹശ്രീ പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിന്നും 2023-24, 2025-26 സാമ്പത്തിക വർഷങ്ങളിലായി ആകെ 12 ഉപഭോക്താക്കളാണ് അപേക്ഷ നല്കിയിട്ടുള്ളത്. 12 അപേക്ഷകളിൽ 3 പേർക്ക് വീട് നിർമ്മിച്ചു നല്കുകയും 9 പേർക്ക് റീഫണ്ട് അനുവദിച്ച് നൽകുകയും ചെയ്തു. റീഫണ്ട് അനുവദിച്ച് നല്കിയ 9 പേരിൽ 2 പേർ (ക്രമ നം. 5, 7) വീണ്ടും അപേക്ഷ സമർപ്പിക്കുകയും ഇവർക്ക് വീട് നിർമ്മിച്ചു നല്കുകയും ചെയ്തു. ആകെ 5 പേർക്ക് വീട് നിർമ്മിച്ച് നല്കിയിട്ടുണ്ട്.

സ്പോൺസർ തുക അടച്ചതിനു ശേഷം ആകെ 9 പേരാണ് അപേക്ഷ റദ്ദാക്കുന്നതിനായി അപേക്ഷ നല്കിയിട്ടുള്ളത്. അപേക്ഷകരുടെ വിവരം ചുവടെ ചേർക്കുന്നു. അപേക്ഷ റദ്ദാക്കിയ 9 പേരിൽ 8 പേർക്ക് തുക തിരികെ നല്കിയിട്ടുണ്ട്. പട്ടികയിലെ സൈനബ (ക്രമ നമ്പർ 9) എന്ന ഉപഭോക്താവിന് റീഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും
1	അശോകൻ (5399) കൈത്തക്കാട്ട്, കാറ, എടവിലങ്ങ്, തൃശ്ശൂർ-680671
2	ഹജറ & ആലിക്കുഞ്ഞ് (5466), മാരത്ത് വീട്, പി. ഒ. കാര-680671, എടവിലങ്ങ്
3	റുഖിയ (5397) കുട്ടിക്കട്ട് വീട്, പി. ഒ. കാര-680671 എടവിലങ്ങ്
4	സരിത (5412) പുതുറം വീട്, പി. ഒ. കാര, എടവിലങ്ങ്, കൊടുങ്ങല്ലൂർ- 680671
5	സിജീഷ് കെ. എസ്. (5467), കഴിക്കട്ട് വീട്, പി. ഒ., എടവിലങ്ങ് തൃശ്ശൂർ-680671
6	വിഷ്ണു. പി. വി. (5473) പൊണത്ത് വീട്, എടവിലങ്ങ്, തൃശ്ശൂർ-680671
7	സന്തോഷ് (5469), ഇടച്ചാലിൽ വീട്, പി. ഒ. കാര- 680671
8	ഉഷ (5468) ഒല്ലാശ്ശേരി വീട്, പി. ഒ. എടവിലങ്ങ്- 680671
9	സൈനബ (5398) പുളിപ്പറമ്പിൽ വീട് പി. ഒ. എടവിലങ്ങ്- 680671

സെക്ഷൻ ഓഫീസർ